നം.സി3-1466/2024/ജി.എച്ച്.റ്റി.

ജനറൽ ആശുപത്രി,
തിരുവനന്തപുരം,
തീയതി:04.11.2024.

## ദർഘാസ് പരസ്യം

തിരുവനന്തപുരം ജനറൽ ആശുപത്രിയിലേക്ക് 2024-25 കാലയളവിലേയ്ക്ക് വരെ ദിവസേന ശരാശരി 60 മുട്ട വിതരണം ചെയ്യുന്നതിനായി മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

ആഴ്ചയിൽ എല്ലാ ദിവസവും ഇൻഡന്റ് പ്രകാരം രാവിലെ 9.00 നും 10.00 മണിക്കും ഇടയ്ക്ക് മുട്ട ആശുപത്രിയിൽ വിതരണം ചെയ്യേണ്ടതും ഏതെങ്കിലും ദിവസം വിതരണം ചെയ്യുവാൻ സാധിക്കുകയില്ലെങ്കിൽ (ഉദാ: ഹർത്താൽ) തലേദിവസം തന്നെ പ്രസ്തുത ദിവസം ഉപയോഗിക്കാൻ യോഗ്യമായ മുട്ട എത്തിച്ചു തരേണ്ടതുമാണ്. പഴകിയതും കേടായതുമായ മുട്ടകൾ വിതരണം ചെയ്യാൻ പാടുള്ളതല്ല.
ദർഘാസ് ഉള്ളടക്കം ചെയ്ത കവറിനു പുറത്ത് ദർഘാസ് നം.സി3-1466/2024/ജി.എച്ച്.റ്റി. (“മുട്ട വിതരണം ചെയ്യുന്നതിനുള്ള ദർഘാസ് ”) എന്ന് രേഖപ്പെടുത്തിയിരിക്കണം.

ദർഘാസുകൾ 20/11/24 ഉച്ചയ്ക്ക് 12 മണി വരെ ഈ ഓഫീസിൽ സ്വീകരിക്കുന്നതും അന്നുതന്നെ ഉച്ചയ്ക്ക് 3.00 മണിക്ക് ദർഘാസുകൾ സമർപ്പിച്ചിട്ടുള്ള വ്യക്തികളുടെയോ അവർ അധികാരപ്പെടുത്തിയവരുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയതുമായ ദർഘാസ് അംഗീകരിക്കുന്നതുമാണ്.
കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ഡോ.ദിവ്യ സദാശിവൻ
സൂപ്രണ്ട് i/c

സ്വീകർത്താവ്:-

എ) നോട്ടീസ് ബോർഡിലേക്ക്

1)ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.(വെബ്സൈറ്റിലേക്ക്)
2)ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം), തിരുവനന്തപുരം
3)സൂപ്രണ്ട്, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തൈയ്ക്കാട്
4)സൂപ്രണ്ട്, ഗവ:പ്രസ്സ് ,
5)സൂപ്രണ്ട്, മെഡിക്കൽ കോളേജ് ആശുപത്രി,
6)പോസ്റ്റ്മാസ്റ്റർ, പോസ്റ്റ് ഓഫീസ്, വഞ്ചിയൂർ,
7)വില്ലേജ് ഓഫീസ്, വഞ്ചിയൂർ

ബി) ഫയൽ/കരുതൽ ഫയൽ

7/11/24